# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 922 — 04/03/2020-ൽ മറുപടിക്ക്

## കരിയർ നയം

**ചോദ്യം**

ശ്രീ.പി.ടി.തോമസ്

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ജനങ്ങളുടെയും സമഗ്ര പുരോഗതിക്ക് ഉതകുന്ന തരത്തിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കരിയർ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജനങ്ങളുടെയും സമഗ്ര പുരോഗതിക്ക് ഉതകുന്ന തരത്തിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കരിയർ നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേലുള്ള അന്തിമഘട്ട ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | ഈ നയരൂപീകരണം മൂലം സമൂഹത്തിൽ എന്തൊക്കെ മാറ്റം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; | (ബി) | സംസ്ഥാനത്ത് നടക്കുന്ന എല്ലാവിധ കരിയർ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും സംസ്ഥാനത്ത് കരിയർ ഗൈഡൻസ് ആവശ്യമുള്ള മുഴുവൻ വ്യക്തികൾക്കും ഗുണമേന്മയുള്ളതും കാലാനുസൃതവുമായ സേവനങ്ങൾ യഥാസമയത്ത് ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതികളാണ് കരിയർ നയത്തിന്റെ കരടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിലൂടെ കാലാനുസൃതമായ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകി വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും മാനവവിഭവശേഷി ശരിയായ വിധത്തിൽ ഉപയോഗിച്ച് അഭിവൃദ്ധി നേടുന്നതിനും കേരള സമൂഹത്തെ പ്രാപ്തരാക്കാൻ കഴിയുമെന്നാണ് നിർദ്ദിഷ്ട കരിയർ നയത്തിന്റെ കരടിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പാർട്ട്ടൈം ജോലി ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിനായി കോളേജു-കളിലെ പഠനസമയം എട്ടുമണി മുതൽ ഉച്ച വരെ ക്രമീകരിക്കണമെന്ന നിർദ്ദേശം ഈ നയത്തിന്റെ ഭാഗമായി ഉണ്ടോയെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത നിർദ്ദേശം കരിയർ നയത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽ രഹിതർക്ക് ലഭ്യമാക്കുന്നതിന് നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; 2019-ൽ എത്ര ജോബ് ഫെയറുകളാണ് സംഘടിപ്പിച്ചതെന്നും ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമായി എന്നും വ്യക്തമാക്കുമോ? | (ഡി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽരഹിതർക്ക് ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. 2019 വർഷം മൂന്ന് നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 3551 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**